# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ദേവികുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAIDK 13/803/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 09/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK 13/803/2021 തീയ്യതി: 09/09/2021

## ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-11-2020 മുതൽ 25-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സി.ആർ.ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 26-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി എസ് ധനജയൻ ഓഡിറ്റ് ഓഫീസർ
ശ്രീ എം എസ് രാജീവ് ഓഡിറ്റ് ഓഫീസർ
ശ്രീ ജോസഫ് ചാക്കോ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ജോമോൻ ഫ്രാൻസിസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രാകേഷ് എം സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.ഗോവിന്ദസ്വാമി | പ്രസിഡന്റ് | 01-04-2019 | 26-08-2019 |
| ശ്രീമതി കലാറാണി അമുദറാണി | പ്രസിഡന്റ് | 27-08-2019 | 18-09-2019 |
| ശ്രീ.സുരേഷ്കുമാർ പി.കെ | പ്രസിഡന്റ് | 19-09-2019 | 31-03-2020 |
| ശ്രീ.വി.എസ്.പോൾസൺ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജിത് എൽ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ബിജു കെ ഡി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി മീനമ്മാൾ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ഹരികൃഷ്ണൻ പി | മെഡിക്കൽ ഓഫീസർ (സി എച്ച് സി)) | 01-04-2019 | 18-07-2019 |
| ഡോ. അശ്വതി വിശ്വം | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) | 19-07-2019 | 31-03-2020 |
| ഡോ ജിഷ്ണു വി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 04-06-2019 |
| ഡോ അമ്പിളി | മെഡിക്കൽ ഓഫീസർ (ഹോമിയോ | 05-06-2019 | 31-03-2020 |
| ശ്രീമതി ജയ കെ പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ടി യു ഏലിയാസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ സുബ്രഹ്മണ്യൻ കെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീ ആർ ബാലകൃഷ്ണൻ | ഹെഡ്മാസ്റ്റർ | 01-06-2019 | 31-03-2020 |
| ശ്രീ സുജിത് രാഘവൻ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 05-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Joseph Chacko (Asst. Audit Officer, On 27-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 05-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joseph Chacko (Asst. Audit Officer, On 27-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 27-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-5 |
| 6 | മഹാത്മാ ഗാന്ധി ദേശീയ-ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-6 |
| 7 | ക്ഷേമ പെൻഷൻ<br>Written By: Jomon Francis (Senior Grade Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 05-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 06-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-11 |
| 12 | മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ റേഷൻ കടകൾ-ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 03-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 06-09-2021) | 1-12 |
| 13 | എസ്. എസ് . എ).വിഹിതം ഒടുക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-13 |
| 14 | ഗുണഭോക്താക്കൾക്ക് രസീതുകൾ നൽകുന്നില്ലാത്തത് സംബന്ധിച്ച്<br>Written By: Jomon Francis (Senior Grade Auditor, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-14 |
| 15 | വനിതാ കർഷകർക്ക് ജൈവവള വിതരണം - സർക്കാർ മാർഗ നിർദേശം പാലിച്ചില്ല. തടസ്സം - 834000/-<br>Written By: Jomon Francis (Senior Grade Auditor, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-15 |
| 16 | ടെണ്ടർ കൂടാതെ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയത് സംബന്ധിച്ച്<br>Written By: Jomon Francis (Senior Grade Auditor, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-16 |

| | | |
|---|---|---|
| 17 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ.<br>Written By: T.S.Dhanajayan (Audit Officer, On 04-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 05-08-2021) | 1-17 |
| 18 | ഗ്രാന്റുകൾ ചെലവഴിക്കാത അവശേഷിക്കുന്നത്<br>Written By: Joseph Chacko (Asst. Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-18 |
| 19 | ഫുട്പാത്ത് കോൺക്രീറ്റിങ്- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എസ്റ്റേറ്റ് കാർട്ടേഴ്സുകളുടെ മുറ്റം കോൺക്രീറ്റ് ചെയ്യുന്നതിന് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു.<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 1-19 |
| 20 | ഇ-ടെണ്ടർ- ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: M.S.Rajeev (Audit Officer, On 05-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 07-09-2021) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 07-09-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 07-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 07-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 05-08-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 04-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 04-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 07-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 28-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Joseph Chacko (Asst. Audit Officer, On 28-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 09-09-2021) | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 16.02.2019ലെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹199295435/- വരവും ₹192840923/- ചെലവും ₹6454512/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 16-3-2020ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2-1 തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 02.07.2020 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 59300779 |
| വരവ് | 80682891 |
| ആകെ | 139983670 |
| ചെലവ് | 75727684 |
| നീക്കിയിരിപ്പ് | 64255986 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16319441 | 16319441 | 12962647 | 3356794 |
| വികസനഫണ്ട് എസ്.സി.പി. | 0 | 34656412 | 34656412 | 21035772 | 13620640 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 404235 | 404235 | 205265 | 198970 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1138000 | 1138000 | 156139 | 981861 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4631000 | 4631000 | 1805685 | 2825315 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13594351 | 13594351 | 10089100 | 3505251 |
| എം.എൻ.ആർ.ഇ.ജി.എസ് (ഭരണ നിർവ്വഹണം) | 44446 | 2000427 | 2044873 | 2043335 | 1538 |
| തൊഴിലാളികളുടെ കൂലി | 0 | 26977740 | 2697740 | 26977740 | 0 |
| ബി ഫണ്ട് | 0 | 6573870 | 6573870 | 6573870 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| സമ്പൂർണ ശുചിത്വം | 665317 | 21548 | 686865 | 0 | 686865 |
| എസ്.എസ്.എ | 5664 | 147 | 5811 | 0 | 5811 |
| ഐ.സി.ഡി.എസ് | 43628 | 1207195 | 1250823 | 699200 | 551623 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സമ്പൂർണ ശുചിത്വം | 2180000 | 0 | 2180000 | 0 | 2180000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | 310000 | 0 | 310000 | 300970 | 9030 |
| ലൈഫ് | 3608085 | 0 | 3608085 | 200000 | 3408085 |
| ശുചിത്വമിഷൻ | 838576 | 0 | 838576 | 475890 | 362686 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 3450000 | 0 | 3450000 | 0 | 3450000 |
| വിമുക്തി | 8560 | 2119160 | 2127720 | 1000000 | 1127720 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 25000 | 0 | 25000 | 0 | 25000 |
| പ്രളയ ദുരിതാശ്വാസ സംഭാവന | 5221 | 0 | 5221 | 5221 | 0 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2337959 | 2757524 | 5095483 | 3976346 | 1119137 |
| ജില്ലാ പഞ്ചായത്ത് | 1064210 | 0 | 1064210 | 0 | 1064210 |

## 1-5 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ്₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 10408694 | 11 | 2261098 | 1 | 21.72 |
| വെറ്ററിനറി സർജൻ | 5 | 1989000 | 4 | 466325 | 1 | 23.45 |
| മെഡിക്കൽ ഓഫീസർ പിഎച്ച് സി | 6 | 1784660 | 3 | 630504 | 3 | 35.33 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 40000 | 2 | 40000 | 0 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 5 | 983000 | 4 | 892040 | 1 | 90.75 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 4741000 | 4 | 2652794 | 4 | 55.95 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1010000 | 1 | 400000 | 3 | 39.60 |
| സെക്രട്ടറി | 36 | 15510039 | 25 | 8622526 | 11 | 55.59 |
| ഹെഡ് മാസ്റ്റർ എൽ പി എസ് | 3 | 664078 | 2 | 584216 | 1 | 87.97 |
| വി ഇ ഓ | 7 | 274790155 | 6 | 18476501 | 1 | 6.72 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 106 | 36470426 | 59 | 17101830 | 47 | 46.89 |
| അസി. സെക്രട്ടറി | 10 | 11999418 | 5 | 3570087 | 5 | 29.75 |
| ആകെ | 202 | 360390470 | 126 | 55697921 | 76 | 15.45 |

202 പദ്ധതികൾക്കായി ₹360390470/- വകയിരുത്തിയിരുന്നുവെങ്കിലും 126 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. (₹55697921/- മാത്രമാണ് ചെലവ്)

2. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 12 | 6835308 | 1424476 |
| | സേവനം | 66 | 135196238 | 20674297 |
| | പശ്ചാത്തലം | 57 | 19713785 | 7679159 |
| പട്ടിക ജാതി വിഭാഗം | ഉത്പാദനം | 8 | 6672386 | 1802947 |
| | സേവനം | 13 | 177374538 | 16685540 |
| | പശ്ചാത്തലം | 42 | 13905450 | 7226237 |
| പട്ടിക വർഗ്ഗ വിഭാഗം | ഉത്പാദനം | 0 | 0 | 0 |
| | സേവനം | 4 | 692765 | 205265 |
| | പശ്ചാത്തലം | 0 | 0 | 0 |
| **ആകെ** | | 202 | 360390470 | 55697921 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ-ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 44446 | 2000427 | 2044873 | 2043335 | 1538 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 26742543 | 26742543 | 26742543 | 0 |

പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ചതിൽ തിരികെ നല്കാൻ അവശേഷിച്ചിരുന്ന ₹450250/- ഉം തൻവർഷ മുൻകൂറായ ₹1168223/- ഉം ചേർന്ന ₹1618473/-ൽ ₹620771/- തൻവർഷം തിരികെ നല്കിയിട്ടുണ്ട് വർഷാവസാനം ബാക്കി നില്ക്കുന്ന മുൻകൂർ ₹997701.25/- ആണ്.

## 1-7 ക്ഷേമ പെൻഷൻ

2019-20 ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 3929400 | 699 |
| വാർദ്ധക്യകാലപെൻഷൻ | 11576700 | 2016 |
| വികലാംഗപെൻഷൻ | 1173800 | 211 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2707, 2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16571/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു,

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനംനടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന അസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവുവിളക്കുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇതുമായി ബന്ധപ്പെട്ടു നടത്തുന്ന നിക്ഷേപങ്ങളുടെ വിവരം ഉൾപ്പെടുത്തുന്നില്ല. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി കരാറ് അടിസ്ഥാനത്തിൽ ജീവനക്കാരനെ നിയമിച്ചിരിക്കുന്നു. കൂടാതെ യാത്രയ്ക്കായി ഓട്ടോ

റിക്ഷ സ്ഥിരമായി ഉപയോഗിക്കുന്നതായും കാണുന്നു.പ്രതിമാസം ₹25000/-ഓളം ചെലവഴിക്കുന്നു. ഇക്കാര്യം ആരെങ്കിലും മോണിട്ടറിംഗ് നടത്തുകയോ തുടർന്ന് നിരീക്ഷിക്കുന്ന രീതിയിൽ എവിടെയെങ്കിലും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5. എസ്റ്റേറ്റ് മേഖലയായിനാൽ കൃഷിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളെല്ലാം തന്നെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതാണ്.മോണിട്ടറിംഗ് ഫലപ്രദമല്ല.. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.04.2021 | 06/2020-02/2021 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2015 | 2009-10മുതൽ 2013-14 വരെ | 28.05.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി സംയോജിപ്പിച്ചിട്ടില്ല.

2. വസ്തുനികുതി ഡി.സി.ബി. കണക്കുകൾ - സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

3. ലൈഫ് പാർപ്പിട സുരക്ഷ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹1100210/യിൽ ₹1100000/-യുടെ ചെലവുണ്ടായിട്ടുണ്ടെങ്കിലും (നീക്കിയിരിപ്പ് 210/-) പ്രസ്തുത ചെലവ് സാംഖ്യ അക്കൗണ്ടിൽ രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ₹1100210/-നീക്കിയിരുപ്പായി അവശേഷിക്കുന്നു.

ദേവികുളം എസ്.ബി.ഐ. ബാങ്കിന് എതിർവശത്തെ വീടുകൾക്ക് കുടിവെള്ളം നൽകുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ (162/20) എന്ന പദ്ധതി നടപ്പാക്കുന്നതിന് ഡെപ്പോസിറ്റ് വർക്കായി കേരള വാട്ടർ അതോറിറ്റിക്ക് പ്രവൃത്തി നടത്തുന്നതിന് ₹125000/- മുൻകൂർ നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് തുക ക്രമീകരിച്ചിട്ടില്ല. എന്നാൽ ഈ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റിൽ അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ ദേവികുളം എസ്.ബി.ഐ-യിൽ നിലവിലുള്ള ബാങ്ക് അക്കൗണ്ട് നം. 62052439733-ൽ ₹703324/- ഓഡിറ്റ് തീയതിയിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ഖരമാലിന്യ നിർമ്മാർജ്ജനയിനത്തിൽ ബി4 പത്രിക പ്രകാരം 3450000/- രൂപയാണുള്ളത്. എന്നാൽ പ്രസ്തുത പദ്ധതിക്കായി തുറന്ന ബാങ്ക് അക്കൗണ്ടിൽ 2804011/- നീക്കിയിരിപ്പാണുള്ളത്. ആയത് ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

5.അക്കൗണ്ട് ഹെഡ് 320100121-ൽ മുൻവർഷ നീക്കിയിരിപ്പ് (ബി4) 43628/- ആർ പി 31-ലെ വരവ് 298988/- . ആകെ 342616. എന്നാൽ ബാലൻസ് ഷീറ്റിൽ (ബി4) നീക്കിയിരിപ്പ് 551623/- ആണ്. ഇതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

6.NREGA യുടെ യഥാർത്ഥ വരവുചെലവു കണക്കുകൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | യഥാർത്ഥ | വാർഷിക | മറുപടി |
|---|---|---|---|

| | വരവ് | കണക്ക് പ്രകാരം | പ്രകാരമുള്ള തുകകൾ |
|---|---|---|---|
| മുന്നിരിപ്പ് | 44446 | 44446 | 44446 |
| വരവ് | 2000427 | 836260 | 836260 |
| ചെലവ് | 2043335 | 5000 | 879168 |
| നീക്കിയിരിപ്പ് | 1538 | 875706 | 1538 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/28.07.21) ക്ക് മറുപടി ലഭ്യമാക്കിയെങ്കിലും യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

7.ബ്ലോക്ക് പഞ്ചായത്തിന്റെ സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക, മുൻവർഷ റിപ്പോർട്ട് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് പ്രകാരം | മുൻവർഷ റിപ്പോർട്ട് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2161600 (ട്രയൽ ബാലൻസ്) | 2337959 |
| വരവ് | 1723461 | സുലേഖ ചെലവ് പത്രിക പ്രകാരം 2757524 |

## 1-12 മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ റേഷൻ കടകൾ- ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് നൽകി തൊഴിൽ നികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനും തൊഴിൽ നികുതി ഈടാക്കുവാനും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ലഭ്യമല്ല. മുൻ വർഷ റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ 18 വാർഡുകളിലായുള്ള മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുവാനും, വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുവാനും, നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 എസ്. എസ് . എ.വിഹിതം ഒടുക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ റഫറൻസ് നം | 20100352014300725780/11.11.20 |
| തുക | 1000000/- |
| പ്രോജക്റ്റ് നം | 3/21 |

മേൽ ബില്ല് പ്രകാരം എസ് എസ് എ വിഹിതമായി നൽകിയ ₹1000000/- യുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായി ലഭിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-14 ഗുണഭോക്താക്കൾക്ക് രസീതുകൾ നൽകുന്നില്ലാത്തത് സംബന്ധിച്ച്

ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ഗ്രാപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ രസീത് ബുക്ക് നം 17111 പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

. രസീത് ബുക്കുകൾ പ്രകാരം ഈാക്കിയ ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം, തീയതി | വിശദാംശങ്ങൾ | ഈടാക്കിയ തുക |
|---|---|---|
| 171111/1, 6.-1-2020 | ജൈവവള വിതരണം. പദ്ധതി നം 55/2019 | 6900 |
| 17111/2, 7-1-2020 | ജൈവവള വിതരണം. പദ്ധതി നം 55/2019 | 28500 |
| 17111/3, 11-2-2020 | ജൈവവള വിതരണം. പദ്ധതി നം 55/2019 | 81750 |
| 17111/4, 18-3-2020 | ജൈവവള വിതരണം. പദ്ധതി നം 55/2019 | 71400 |
| 17111/5, 18-3-2021 | ഫലവൃക്ഷത്തൈ വിതരണം. പദ്ധതി നം 57/19 | 12320 |
| 17111/6, 18-3-2021 | ഫലവൃക്ഷത്തൈ വിതരണം. പദ്ധതി നം 57/19 | 43904 |
| 17111/4, 18-3-2020 | ജൈവവള വിതരണം. പദ്ധതി നം 55/2019 | 24900 |

മേൽ രസീതുകൾ പ്രകാരം ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രസീതുകൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. ആയതിനാൽ ഓരോ ഗുണഭോക്താവിൽ നിന്നും എത്ര രൂപയാണ് ഈടാക്കിയതെന്നും വ്യക്തമല്ല. ഗുണഭോക്താക്കൾക്ക് രസീതുകൾ നൽകാതെ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/29.07.2021) നൽകിയ മറുപടിയിൽ തോട്ടം മേഖലയായതിനാൽ വാർഡ് മെമ്പർമാരാണ് ഗുണഭോക്തൃ വിഹിതം പിരിച്ചതെന്നും അവർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക ഒരുമിച്ചാണ് രേഖപ്പെടുത്തിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. കൃഷി ഓഫീസറുടെ മറുപടി പരിഗണിച്ചാൽ തന്നെ വാർഡ് മെമ്പർമാരുടെ പേരുകളോ വാർഡിന്റെ വിവരങ്ങളോ രസീത് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ രസീതുകൾ ഗ്രാമപഞ്ചായത്തിൽ നിന്നും പരിശോധിക്കുന്നില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കുന്ന രസീതു ബുക്കുകൾ കൃത്യമായി പരിശോധിക്കേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ് .

## 1-15 വനിതാ കർഷകർക്ക് ജൈവവള വിതരണം - സർക്കാർ മാർഗ നിർദ്ദേശം പാലിച്ചില്ല. തടസ്സം - 834000/-

## നിർവ്വഹണം - കൃഷി ഓഫീസർ

| പദ്ധതി നം, പദ്ധതി | അടങ്കൽ | | ചെലവ് | |
|---|---|---|---|---|
| | ഫണ്ട് | ഗുണഭോക്തൃ വിഹിതം | ഫണ്ട് | ഗുണഭോക്തൃ വിഹിതം |
| S0055/202, വനിതാ കർഷകർക്ക് ജൈവവള വിതരണം (ജനറൽ) | 1125000 (ജനറൽ) | 375000 | 106200 (ജനറൽ) | 117150 |
| S0056/202, വനിതാ കർഷകർക്ക് ജൈവവള വിതരണം (SCP) | 2100000 (SCP) | 0.00 | 727800 | 0.00 |
| ആകെ | 3225000 | 375000 | 834000 | 117150 |

മേൽ പദ്ധതികൾ പ്രകാരം കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ (KAICO) നിന്നും ടെണ്ടർ കൂടാതെ ജൈവവളം വാങ്ങി വനിതാ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.18-12-2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2881/ത.സ്വ.ഭ.വ പ്രകാരം KAICO സ്വന്തമായി ഉത്പാദിപ്പിക്കുന്ന യന്ത്രങ്ങളും സാധന സാമിഗ്രികളും മാത്രമാണ് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയുള്ളത് എന്നിരിക്കെ ടെണ്ടർ കൂടാതെയാണ് ജൈവവളം വാങ്ങിയിരിക്കുന്നത്.

2.ഒരു കിലോഗ്രാം വളത്തിന് 15.444 + 5% GST എന്ന നിരക്കിലാണ് ജൈവവളം KAICO ലഭ്യമാക്കിയിരിക്കുന്നത്. ജൈവവളം ഏത് നിരക്കിൽ ലഭ്യമാക്കുമെന്ന് KAICO ഗ്രാമപഞ്ചായത്തിനെയോ കൃഷി ഓഫീസറെയോ അറിയിച്ചിട്ടില്ല. KAICO നിശ്ചയിച്ച വിലയനുസരിച്ചാണ് വളങ്ങൾ വാങ്ങിയിട്ടുള്ളത്.

3.സർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ. തീയതി 14.2.2018 പ്രകാരം ജൈവവളത്തിനുള്ള പരമാവധി സബ്സിഡി തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കണമെന്നും യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-5/29.07.2021) നൽകിയ മറുപടിയിൽ മുൻ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടതിനാലും തോട്ടം മേഖലയിലെ പിന്നോക്കാവസ്ഥയും പ്രാദേശികമായി മാത്രമുള്ള ചില പ്രത്യേകതകളും പരിഗണിച്ചും പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരമാണ് ടെണ്ടർ കൂടാതെ പദ്ധതി നടപ്പാക്കിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. പദ്ധതികൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് മാത്രമായി പ്രത്യേക ഇളവുകളൊന്നും നൽകിയിട്ടില്ല. സർക്കാർ മാർഗ നിർദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കിയ പദ്ധതികളുടെ ചെലവിനത്തിലുള്ള 834000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-16 ടെണ്ടർ കൂടാതെ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയത് സംബന്ധിച്ച്

| | |
|---|---|
| പദ്ധതി നം, പദ്ധതി | S0051/2019, ദേവികുളം ഗവ.എൽ.പി. സ്കൂളിന് പ്രഭാത ഭക്ഷണം (വിദ്യാഭ്യാസ |

| | |
|---|---|
| | പൊതു യജ്ഞം) |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. എൽ പി സ്കൂൾ, ദേവികുളം |
| പദ്ധതി അടങ്കൽ / ചെലവ് | 560000 / 524244 |

2019-20 വർഷത്തിൽ ദേവികുളം ഗവ. എൽ പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്. 2017 മുതലാരംഭിച്ച പദ്ധതി പ്രകാരം സ്കൂളിലെ ഒന്നാം ക്ലാസ് മുതൽ എഴാം ക്ലാസ് വരെയുള്ള 172 കുട്ടികൾക്കാണ് പദ്ധതി മുഖേന ഭക്ഷണം നൽകിയിരുന്നത്. ഭക്ഷ്യ വസ്തുക്കൾ ടെണ്ടർ കൂടാതെ ദേവികുളത്തുള്ള വിക്ടറി സ്റ്റോർ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/28-7-2021) നൽകിയ മറുപടിയിൽ 2017-18 വർഷത്തെ സ്കൂൾ മാനേജ്മെന്റ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വിക്ടറി സ്റ്റോർസ് എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് തീരുമാനിച്ചതെന്നും അന്നു മുതൽ തുടർന്നു വന്ന പദ്ധതിയായതിനാലാണ് ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ടെണ്ടർ മുഖേന പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ടെണ്ടർ മുഖന ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സെക്രട്ടറി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം19 | 233/20 |
| ചെക്ക് നം | 3783975/28.02.20-₹40129 |
| വൗച്ചർനം | 2190868/29.02.2020 |

Cprcs.Kerala.Gov.In വെബ്സൈറ്റ് മുഖേന കെൽട്രോൺ നിശ്ചയിച്ച സ്പെസിഫിക്കേഷനിൽ ഓഫീസ് ആവശ്യത്തിനായി താഴെപ്പറയുന്ന സ്പെസിഫിക്കേഷനിലുള്ള മൂന്ന് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നു.

Desktop Intel Processer-Medium End-Windows 10 Pro. Processer- Intel(R) I3 8100 3.6 Ghz, 4 Crore. 6MB Cache.Memory- 4 GB ,PDR4 RAM,Hard Disc Drive.1.0 T.B

കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് പ്രകാരം 18% GST ഉൾപ്പെടെ 1എണ്ണത്തിന്റെ വില ₹ 40129/- ആണ്.എന്നാൽ കെൽട്രോൺ മറ്റ് കമ്പനികളിൽ നിന്ന് വാങ്ങി നൽകുന്നതാണ് ഉത്പന്നങ്ങൾ Acer കമ്പനിയുടെ ഡെസ്ക് ടോപ്പാണ് വിതരണം നടത്തിയിരിക്കുന്നത്. Acer കമ്പനിയുടെ PY5120009449/7.08.20 നമ്പർ Tax Invoice പ്രകാരം വിതരണം ചെയ്തിരിക്കുന്ന കമ്പ്യൂട്ടറുകളുടെ ആകെ വില ₹38586/- മാത്രമാണ്. എന്നാൽ കേരള സംസ്ഥാന ഐ ടി മിഷന് ₹40129/- മുൻകൂർ തന്നെ നൽകിയിരിക്കുന്നതിനാൽ ₹1543/- അധികം നൽകിയിരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-18 ഗ്രാന്റുകൾ ചെലവഴിക്കാത്ത അവശേഷിക്കുന്നത്

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ (B-4) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന വിവിധ ഗ്രാന്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. പ്രസ്തുത തുകകൾ ഏത് ആവശ്യത്തിന് ലഭിച്ചുവോ അക്കാര്യത്തിന് ചെലവഴിക്കേണ്ടതും ചെലവഴിക്കാൻ സാധ്യതയില്ലാത്ത പക്ഷം അതാത് ഹെഡിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

| ക്രമ നം. | ഫണ്ടിനം | അക്കൗണ്ട് ഹെഡ് | നീക്കിയിരുപ്പ് തുക (B-4) |
|---|---|---|---|
| 1 | സമ്പൂർണ്ണ ശുചിത്വം | 320100115 | 2180000 |
| 2 | ഐ.സി.ഡി.എസ് | 320100121 | 551623 |
| 3 | ഖരമാലിന്യ നിർമ്മാർജ്ജനം | 320200319 | 3450000 |
| 4 | ശുചിത്വമിഷൻ | 320200322 | 362686 |
| 5 | സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് (സമ്പൂർണ്ണ ശുചിത്വം) | 320300103 | 686865 |
| 6 | സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് | 320300199 | 1127720 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 320700104 | 1119137 |
| 8 | ജില്ലാ പഞ്ചായത്ത് | 320700405 | 1064210 |
| 9 | സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് (ലൈഫ്) | 320800199 | 3408085 |

## 1-19 ഫുട്പാത്ത് കോൺക്രീറ്റിങ്- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എസ്റ്റേറ്റ് ക്വാർട്ടേഴ്സുകളുടെ മുറ്റം കോൺക്രീറ്റ് ചെയ്യുന്നതിന് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു.

ഓഡിറ്റ് വർഷം വിവിധ എസ്റ്റേറ്റ് ലയങ്ങളുടെ മുറ്റവും പരിസരങ്ങളും ഫുട്പാത്ത് കോൺക്രീറ്റ് എന്ന പേരിൽ കോൺക്രീറ്റ് ചെയ്തിരിക്കുന്നു. ഇത്തരം പ്രോജക്ടുകളുടെ നമ്പർ, അടങ്കൽ, ചെലവ് എന്നിവ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | അടങ്കൽ | ചെലവ് |
|---|---|---|
| 9 | 130000 | 129934 |

| | | |
|---|---|---|
| 10 | 130000 | 126073 |
| 12 | 400000 | 400000 |
| 48 | 340000 | 339655 |
| 79 | 440000 | 440000 |
| 82 | 400000 | 400000 |
| 85 | 350000 | 350000 |
| 87 | 440000 | 439900 |
| 100 | 450000 | 450000 |
| 104 | 320000 | 320000 |
| 108 | 499000 | 499000 |
| 109 | 249605 | 249605 |
| 121 | 250000 | 250000 |
| 123 | 200000 | 198895 |
| 125 | 190000 | 189787 |
| 126 | 170000 | 168162 |
| 127 | 170000 | 168968 |
| 128 | 410000 | 410000 |
| 129 | 250000 | 250000 |
| 130 | 280000 | 274701 |
| 132 | 410000 | 410000 |
| 133 | 170000 | 159276 |
| 134 | 170000 | 168968 |
| 137 | 150000 | 149451 |
| 140 | 190000 | 187349 |
| 143 | 150000 | 148150 |
| 148 | 146000 | 145985 |
| 166 | 204000 | 199450 |
| 167 | 428000 | 428000 |
| 168 | 291000 | 241674 |
| 169 | 331200 | 327304 |
| 170 | 170000 | 169859 |
| 172 | 280000 | 217039 |
| 173 | 387000 | 379922 |
| 175 | 136000 | 134587 |
| 177 | 510550 | 413401 |
| 191 | 499000 | 499000 |
| 192 | 157000 | 156139 |
| 208 | 300000 | 288744 |
| 209 | 300000 | 300000 |
| | | 11178978 |

എസ്റ്റേറ്റുകളിലുള്ള റോഡുകളിൽ മാത്രം ഉടമകളുടെ അനുമതിയോടെയുള്ള നിർമ്മാണ പ്രവൃത്തികൾക്കാണ് നിലവിൽ സർക്കാർ അനുമതിയുള്ളത്. ക്വാർട്ടേഴ്സുകളും ചുറ്റുപാടുമുള്ള സ്ഥലങ്ങളും സ്വകാര്യ കമ്പനിയുടെ ഉടമസ്ഥതയിലായിരിക്കെ

സർക്കാർ അനുമതി കൂടാതെ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ക്രമവിരുദ്ധമാണ്. സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നത് വരേയ്ക്കും മേൽ വിവരിച്ചിട്ടുള്ള ₹11178978/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഇ-ടെണ്ടർ- ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ 18പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ ( ടെൻഡർ ഫോം വില + ടെൻഡർ വിജയികളായ കരാറുകാരുടെ നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2019-20 | 03 | 11130 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | - |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1080000 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി എസ്.സി.പി(160/20) | 1080000 | 0 |
| | 2019-20 | 732223 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി - Gen(69/20) | 732223 | 0 |
| | 2019-20 | 874501 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി എസ്.സി.പി(70/20) | 874501 | 0 |
| | 2019-20 | 50800 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (37/20) | 50800 | 0 |
| ആകെ | | 2737524 | | 2737524 | |

വാർഷിക കണക്കിലെ തുകയും സുലേഖ ചെലവ് പത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയാണ് മുകളിൽ ചേർത്തിരിക്കുന്നത്. തുകയിലെ വ്യത്യാസം സംബന്ധിച്ച വിവരങ്ങൾ ഖണ്ഡിക 1-11-ൽ ചേർത്തിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 125000/- മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ദേവികുളം എസ്.ബി.ഐ. ബാങ്കിന് എതിർവശത്തെ വീടുകൾക്ക് കുടിവെള്ളം നൽകുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ (162/20) | 19100352014300814629/ തീയതി 13.11.2019 | 125000/- | 0 | 125000/- |

കുറിപ്പ് - പ്രസ്തുത തുക വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ച് തുക ക്രമീകരിച്ചിട്ടില്ല. എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റിൽ അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹3272718/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ(എം.എസ്) 68/18 തീയതി 18.05.18<br>വായ്പ ₹394543590 | 6089441 | 3272718 | 955882 | 0 | 8406277 |

## 4-6 സ്ഥിരനിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി-അപാകതകൾ | ലഭ്യമല്ല |
| ലഘു അവലോകനം | | 2012-13 | 2.4 | ഫ്രണ്ട് ഓഫീസ് സംവിധാനം | ലഭ്യമല്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

- ഇല്ല-

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹80682891 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹75727684 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹1543 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹13012978 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1000000 | ശ്രീ. വി എസ് പോൾസ്വാമി, സെക്രട്ടറി |
| 1-15 | 834000 | ശ്രീ. ബിജു കെ.ഡി , കൃഷി ഓഫീസർ |
| 1-19 | 11178978 | ശ്രീ. ടി യു ഏലിയാസ്, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിൻറെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി .എസ് പോൾസ്വാമി,സെക്രട്ടറി | സെക്രട്ടറി ദേവികുളം ഗ്രാമപഞ്ചായത്ത് | പി.ഡബ്യൂ.ഡി ക്വാർട്ടേഴ്സ് മൂന്നാർ |
| ശ്രീ. ബിജു കെ.ഡി,കൃഷി ഓഫീസർ | കൃഷി ഓഫീസർ ദേവികുളം കൃഷിഭവൻ | കളിയിക്കൽ വീട് നേര്യമംഗലം പി.ഒ 686693 |
| ശ്രീ. ടി യു ഏലിയാസ് , അസി. എഞ്ചിനീയർ | വിരമിച്ചു | തെക്കേടത്തു വീട് പടമുഖം പി ഒ ഇടുക്കി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിൻറെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 2005-06 | എൽ എഫ് ഐ -9/515/08/11.8.08 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-9 2-10, 3-1 | 10 |
| 2006-2007 | എൽ എഫ് ഐ -9/515/08/ 11.8.08 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 | 10 |
| 2007-08 | എൽ എഫ് ഐ -9/199/10/03.03.12 | 2-1, 2-2, 2-3, 2-4, 2-5,2-6,<br>2-7, 2-8, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7,3-8, 3-9,<br>3-11 മുതൽ 3-20 വരെ | 27 |
| 2008-09 | എൽ എഫ് ഐ -14/618/11/7.3.12 | 2-1, 2-2, 2-3,<br>3-1 മുതൽ 3-10 വരെ | 13 |
| 2009-10 | എൽ എഫ് ഐ -14/208/11/8.3.12 | 2-1 മുതൽ 2-5 വരെ,<br>3-1 മുതൽ 3-14 വരെ | 19 |
| 2010-11 | എൽ എഫ് ഐ -14/1502/12/4.7.13 | 2-3 മുതൽ 2-6 വരെ<br>3-1 മുതൽ 3-11 വരെ | 15 |
| 2011-12 & 2012-13 | എൽ എഫ് ഐ -14/1304/13/8.7.14 | 2-1, 2-2, 2-4, 2-5, 2-6,<br>3-1 മുതൽ 3-13 വരെ<br>3-14(2) | 19 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ-14/1262/15/ | 2-1 മുതൽ 2-4 വരെ | 15 |

| | | | |
|---|---|---|---|
| & 2014-15 | 28.3.16 | 3-1 മുതൽ 3-11 വരെ | |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-14/ 1493/2016 തി.30.12.2016 | 2-1, 2-2<br>3-1 മുതൽ 3-7 വരെ | 9 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-14/984/17/ തീ.19.07.17 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-6 വരെ | 10 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-14/1407/18/ തീ.31.1.19 | 2-1 മുതൽ 2-6 വരെ 3-1,3-6 | 8 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-13/939/20 തീ.27.11.20 | 1-1 മുതൽ 1-31 വരെ 2-1 | 32 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്